# <u>ഇലക്ഷന് സജ്ജമായി എറണാകുളം റൂറൽ പോലിസ്</u>

ഇലക്ഷൻ ദിനത്തിലും തലേന്നും ക്രമസമാധാന പ്രശ്നങ്ങൾ ഇല്ലെന്നു ഉറപ്പുവരുത്താൻ സജ്ജമായി എറണാകുളം റൂറൽ ജില്ലാ പോലിസ്. വിളിച്ചാൽ ഞൊടിയിടയിലെത്തുന്ന തരത്തിലാണ് ജില്ലാ പോലിസ് മേധാവി കെ. കാർത്തിക്കിന്റെ നേതൃത്വത്തിൽ സേനാ വിന്യാസം ക്രമീകരിച്ചിട്ടുള്ളത്. എവിടെയെങ്കിലും ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടായാൽ പാഞ്ഞെത്താൻ 25 സ്ട്രൈക്കിംഗ് ഫോഴ്സുകളാണ് തയ്യാറാക്കി നിർത്തിയിട്ടുള്ളത്. ഇത് അഞ്ച് സബ്ഡിവിഷനുകളിലായി കേന്ദ്രീകരിക്കും. കൂടാതെ 97 ഗ്രൂപ്പ് പട്രോളിംഗ് യൂണിറ്റകളും, 68 ലോ ആൻറ് ഓർഡർ പട്രോളിംഗ് യൂണിറ്റുകളും ഉണ്ട്. ഇവർ ജില്ലയിൽ 24 മണിക്കൂറും പട്രോളിംഗ് നടത്തും. 3000 ൽ ഏറെ പോലിസുദ്യോഗസ്ഥർ ബൂത്തുകളിൽ മാത്രമുണ്ടാകും. പ്രശ്നബാധിത ബൂത്തുകളിൽ കേന്ദ്രസേനയെ വിന്യസിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ പോലിസ് ഓഫിസർമാരുമുണ്ടാകും. എന്ത് ആവശ്യത്തിനും പോലിസ് ഒപ്പമുണ്ടെന്നും, ഏതു സമയവും ബന്ധപ്പെടാമെന്നും എസ്.പി. കെ. കാർത്തിക് പറഞ്ഞു.